96 (722) കായലുകളെ ഉപയോഗപ്പെടുത്തി ടൂറിസം വികസിപ്പിക്കാൻ പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകളെ ബന്ധപ്പെടുത്തി കേരളത്തിലെ ടൂറിസം വികസിപ്പിക്കാനുള്ള സർക്കാരിന്റെ പരിശ്രമത്തിന് കേരളത്തിനുപുറത്തുനിന്നും വിദേശികളിൽനിന്നും ലഭിക്കുന്ന പ്രതികരണം ഏതു രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കായലോര വിശ്രമ കേന്ദ്രങ്ങൾ ഏതെല്ലാം കേന്ദ്രങ്ങളിൽ പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു; നിർമ്മാണം തുടങ്ങിയവയുടെ പ്രവർത്തന പുരോഗതി ഏതുഘട്ടത്തിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കായലുകളെ ബന്ധപ്പെടുത്തി കേരളത്തിലെ ടൂറിസം വികസിപ്പിക്കുന്നതിന് തികച്ചും പ്രോത്സാഹജനകമായ പ്രതികരണമാണ് സംസ്ഥാനത്തിന് പുറത്തുനിന്നും പ്രത്യേകിച്ച് വിദേശികളിൽനിന്നും ലഭിക്കുന്നത്.

(ബി) കായലോര ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലും തണ്ണീർമുക്കത്തും കുമരകത്തും ഓരോ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പള്ളാത്തുരുത്തി, കോതരത്തോട്, നെടുമുടി, വട്ടക്കായൽ എന്നീ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പ്രാരംഭദശയിലാണ്. കായംകുളം, ആലുംകടവ് എന്നിവിടങ്ങളിൽ കായലോര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു. ആറന്മുളയിലെ വാട്ടർ സൈഡ് അമിനിറ്റി നിർമ്മാണം ഈ വർഷം സെപ്തംബർ മാസത്തോടെയും കായംകുളം ആലുംകടവ് കേന്ദ്രങ്ങളുടെ നിർമ്മാണം അടുത്ത വർഷം ആരംഭത്തിലും പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു. കായൽ ടൂറിസം വികസന പദ്ധതികൾ ഉത്തര കേരളത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

97 (723) വിലങ്ങൽകുന്ന് വിനോദസഞ്ചാരകേന്ദ്രം

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ വിലങ്ങൽകുന്ന് വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) തൃശ്ശൂർ ജില്ലയിലെ വിലങ്ങൽകുന്ന് വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിന്റെ ഭാഗമായി ഒരു ലഘുഭക്ഷണശാല, സിറ്റൗട്ട്, കുന്നിന് ചുറ്റും നടപ്പാത എന്നിവ നിർമ്മിക്കുക, കുട്ടികളുടെ പാർക്കിലേയ്ക്ക് കളി ഉപകരണങ്ങൾ വാങ്ങുക, ലാന്റ് സ്കേപ്പിംഗ് തുടങ്ങിയ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly